LIBRARY ARCHIVES Kerala Legislative Assembly

കൃഷിഭവനുകളിൽ സ്ഥാപിച്ച കമ്പ്യൂട്ടറുകൾ പ്രവർത്തിപ്പിക്കാൻ നടപടി

68 [2931] ശ്രീ. വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൃഷിഭവനുകളിലാണ് കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വേണ്ടത്ര സൗകര്യങ്ങളില്ലാത്തതുകൊണ്ടും ജീവനക്കാർക്ക് വേണ്ടത്ര പരിശീലനം ലഭിക്കാത്തതിനാലും പല കൃഷിഭവനുകളിലും കമ്പ്യൂട്ടറുകൾ പ്രവർത്തിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പശ്ചാത്തല സൗകര്യമില്ലാതെ ധൃതി പിടിച്ചു കൃഷിഭവനുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിലേക്കുവേണ്ടി എന്തുതുക വകകൊള്ളിച്ചിരുന്നുവെന്നും എന്തുതുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 557 കൃഷിഭവനുകളിൽ കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) സ്ഥാപിക്കപ്പെട്ട എല്ലാ കമ്പ്യൂട്ടറുകളും പ്രവർത്തിക്കുന്നുണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ ഉള്ള കൃഷിഭവനുകൾക്ക് മാത്രമാണ് കമ്പ്യൂട്ടർ നൽകിയിരിക്കുന്നത്.

(ഡി) 6 കോടി 56 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. ഇതിൽ 6,28,69,950 രൂപ ചെലവായിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

69 [2932] ശ്രീ. എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ചവർക്ക് സർക്കാരിൽ നിന്നും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുക നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ടെന്നു പറയാമോ;

(സി) പ്രസ്തുത തുക കർഷകർക്കു നൽകിയിട്ടുണ്ടോ;

(ഡി) ട്രഷറി നിയന്ത്രണം കാരണം അനുവദിക്കപ്പെട്ട തുക ട്രഷറിയിൽനിന്നും മാറാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത തുക ട്രഷറിയിൽനിന്നും മാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?